**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **12-02-2025 - ൽ മറുപടിയ്ക്ക്**

**വ്യാജ പട്ടയമുപയോഗിച്ച് ആധാരം നിർമ്മിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ താലൂക്കിലെ എടയൂർ വില്ലേജിൽ പരേതനായ കൊട്ടംപാറ പരിവൈദ്യരുടെ നിലവിൽ പട്ടയമുള്ള സർവ്വേ നമ്പർ-110/1,2,3,4,5 പ്രകാരമുള്ള ഭൂമിയിന്മേൽ ചിലർ വ്യാജ പട്ടയം എടുത്ത് ആധാരം നിർമ്മിച്ചെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രീ. പരി വൈദ്യർ കൊട്ടംപാറ എന്നവരു ടെ പേരിൽ 1764/64 നമ്പർ ആധാര പ്ര \|കാരം റീ സർവെ 110/1,2,3,4,5 106/2 ൽ ഉൾപ്പെട്ട ഭൂമിക്ക് നികുതി അടവാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതും എന് നാൽ അപേക്ഷയിൽ പരാമർശിച്ച 18.42 \| ഏക്കർ ഭൂമി മുഴുവനായും അപേക്ഷകരുടെ കൈവശത്തിൽ ഇല്ലാത്തതാണ്.മേൽ പറഞ്ഞ സർവെ നമ്പറിൽ ഉൾപ്പെട്ട ഭൂമികളിൽ മറ്റു വ്യക്തികൾ ആധാര പ്രകാരം നികുതി അടവാക്കി വരുന്നുണ്ടെന്നും അന്വേഷണത്തിൽ അറിയുന്നു. |
| (ബി) | പ്രസ്തുത വ്യാജ പട്ടയങ്ങളും ആധാരങ്ങളും പരിശോധിച്ച് റദ്ദ് ചെയ്യുന്നതിനും ഇതിന് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ നിവേദന പ്രകാരമുള്ള എൽ.ആർ./8287/2024-എൽ.ആർ.(ബി8), ടി.എൽ.കെ, റ്റി.ഐ.ആർ /2206/2023-എൽ2 ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ടി വിഷയത്തിൽ അന്വേഷണം നടത്തിയതിൽ ശ്രീ. പരിവൈദ്യർ കൊട്ടംപാറ എന്നവരുടെ പേരിൽ 1764/64 നമ്പർ ആധാര പ്രകാരം റീ സർവെ 110/1,2,3,4,5 10 6/2 ൽ ഉൾപ്പെട്ട ഭൂമിക്ക് നികുതി അടവാക്കുന്നതിനായി ശ്രീ. പരി.കെ എന്നയാൾ അപേക്ഷ സമർപ്പിച്ചിരുന്നതും എന്നാൽ \| അപേക്ഷയിൽ പരാമർശിച്ച 18.42 ഏക്കർ ഭൂമി മുഴുവനായും അപേക്ഷകരുടെ കൈവശത്തിൽ അല്ലാത്തതും മേൽ പറഞ്ഞ സർവെ നമ്പറിൽ ഉൾപ്പെട്ട ഭൂമികളിൽ മറ്റ് വ്യക്തികൾ ആധാര പ്രകാരം നികുതി അടവാക്കി വരുന്നതുമായതിനാൽ \|ക്ഷയിൽ തീരുമാനമെടുക്കുന്നതിനായി സ \|ർവെ നമ്പർ 110/3 ൽ നികുതി അടക്കുന്ന മുഴുവൻ ആളുകളെയും തിരൂർ ഭൂരേഖ തഹസിൽദാർ 16.11.2023 ന് നോട്ടീസ് അ യച്ച് വിചാരണ നടത്തുകയും ആധാരങ്ങൾ പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്.കൈവശം സംബന്ധിച്ച് വ്യക്തത വരുത്തി തുടർനടപടി സ്വീകരിക്കുന്നതിനായി ഫോറം 8 ൽ അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ഫോറം 8 അപേക്ഷമേൽ സർവെയർ സ്ഥല പരിശോധന നടത്തുന്ന വേളയിൽ ഭൂമിയിൽ മറ്റ് കക്ഷികൾ അവകാശ വാദം ഉന്നയിച്ച് വന്നതിനാൽ താലൂക്ക് സർവെയർ അറിയിച്ച പ്രകാരം ഭൂരേഖ |

| | | | |
|---|---|---|---|
| | | | തഹസിൽദാർ കക്ഷികളെ ഹിയറിംഗ് നടത്തിയിട്ടുള്ളതാണ്. തുടർന്ന് അപേക്ഷഭൂമി സംബന്ധിച്ച് അവകാശ തർക്കം നിലനിൽക്കുന്നതിനാൽ ഉടമസ്ഥാവകാശം സിവിൽ കോടതി മുഖേന മാത്രമ 'തീർപ്പാക്കാൻ സാധിക്കു എന്നുള്ളതിനാൽ സിവിൽ കോടതിയെ സമീപിക്കാൻ അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളതു മാണ്.പരാതിയിൽ ആവശ്യപ്പെട്ട പട്ടയങ്ങൾ സംബന്ധിച്ച രേഖകൾ ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടുള്ളതും ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് 19-09-2023-ൽ നൽകിയ കത്തിൽ അന്തിമ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | \|ടി വിഷയത്തിൽ താലൂക്കിൽ കക്ഷികളെ \|വിചാരണ നടത്തി ഫോറം 8 ൽ അപേക്ഷ നൽകാൻ അപേക്ഷകന് നിർദ്ദേശം നൽകിയിട്ടുള്ളതും തുടർന്ന് സർവെ നടപടി കൾ ആരംഭിച്ച വേളയിൽ എതിർ കക്ഷി കളുടെ രേഖകൾ തഹസിൽദാർ പരിശോധിച്ചിട്ടുള്ളതും തർക്കം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സിവിൽ കോടതിയെ \| സമീപിക്കാൻ നിർദ്ദേശിച്ച് 19.08.2024 ന് \|മറുപടി നൽകിയിട്ടുള്ളതുമാണ്. |
| (ഡി) | സർവ്വേ നമ്പർ-110/1,2,3,4,5 ൽ ഉൾപ്പെട്ട കുറ്റിപ്പുറം എസ്.ആർ.ഒ.യിലെ ആധാരം നമ്പർ-1764/66 ഭൂമിയുടെ അതിരുകൾ നിർണ്ണയിച്ച് നികുതി അടവാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | \|ടി ഭൂമി സർവെ ചെയ്ത് അതിർത്തി നിർണ്ണയിക്കാൻ ഫോറം 8 ൽ അപേക്ഷ സമർപ്പിച്ചിരുന്നതും സർവെയർ സ്ഥല പരിശോധന നടത്തിയ വേളയിൽ എതിർ കക്ഷികൾ ഭൂമിക്ക് അവകാശവാദം ഉന്നയി ക്കുകയും വിചാരണ വേളയിൽ എതിർ കക്ഷികൾ തങ്ങളുടെ അവകാശ രേഖകൾ ഹാജരാക്കിയതുമാണ്. വസ്തുവിൽ അവകാശതർക്കം നിലനിൽക്കുന്നതിനാൽ താലൂക്ക് തലത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കാത്തതിനാൽ സിവിൽ കോടതിയെ സമീപിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ